**വളരെ അത്യാവശ്യം**

**ഇ മെയിൽ**

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

സി1/19523/2018

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, പി.എം.ജി.
തിരുവനന്തപുരം-33
തീയതി 03/10/2018

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ സർക്കാർ/സ്വകാര്യ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക് (വകുപ്പ് വെബ് സൈറ്റ് മുഖേന)

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-2018 ആഗസ്റ്റ് സെക്ഷനിലെ അഡ്മിഷൻ ക്ലോസ്സിംഗ് തീയതി വീണ്ടും ദീർഘിപ്പിച്ച വിവരം അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ ഇതേ നമ്പരായ 24/09/2018 തീയതിയിലെ കത്ത്

എൻ.സി.വി.റ്റി. ട്രേഡുകളിലെ അഡ്മിഷൻ ക്ലോസ്സിംഗ് തീയതി 28/09/2018 വരെയായി ദീർഘിപ്പിച്ചിരുന്നതിനാൽ എല്ലാ സ്ഥാപന മേധാവികളും 29/09/2018 തീയതിയിൽ അതാത് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളുമായി ബന്ധപ്പെട്ട് താൽക്കാലികമായി അഡ്മിഷൻ ക്ലോസ്സ് ചെയ്യണമെന്ന് സൂചന പ്രകാരം അറിയിച്ചിരുന്നു.

അഡ്മിഷൻ ക്ലോസ്സിംഗ് തീയതി 05/10/2018 വരെ വീണ്ടും ദീർഘിപ്പിച്ചിട്ടുള്ളതായി ncvtmis.gov.in എന്ന വെബ് സൈറ്റിൽ Scroll News ആയി ഡി.ജി.റ്റി. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. എന്നാൽ അഡ്മിറ്റഡ് ട്രെയിനികളുടെ ഡാറ്റാ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതിയായ 10/10/2018 എന്ന തീയതിയ്ക്ക് മാറ്റമില്ല എന്ന വിവരവും ടി Scroll News

ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അഡ്മിഷൻ ക്ലോസിംഗുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി അറിയിക്കുന്നു.

(1) എല്ലാ സീറ്റുകളിലും അഡ്മിഷൻ നടത്തി 29/09/2018 തീയതിയിൽ താൽക്കാലികമായി അഡ്മിഷൻ ക്ലോസ്സ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെയും, ദീർഘിപ്പിച്ച തീയതികളിൽ ഇനി ട്രെയിനികളെ അഡ്മിറ്റ് ചെയ്യുന്നില്ല എന്ന് തീരുമാനം എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെയും അഡ്മിറ്റഡ് ട്രെയിനികളുടെ ഡാറ്റ 28/09/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവിൽ പരാമർശിച്ചിരുന്ന പ്രകാരം MIS PORTAL ൽ ഇപ്പോൾ തന്നെ Up Load ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 10/10/2018 ന് മുൻപ് തന്നെ പോർട്ടലിൽ അപ് ലോഡ് ചെയ്യണമെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി നിർവഹിക്കേണ്ടതാണ്.

(2) 29/09/2018 തീയതിയിൽ താൽക്കാലികമായി അഡ്മിഷൻ ക്ലോസ്സ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ ഇനിയും ട്രെയിനികളെ പ്രവേശിപ്പിക്കണമെന്ന് താൽപര്യപ്പെടുന്ന പ്രിൻസിപ്പാൾമാർ 05/10/2018 തീയതി വരെ ട്രെയിനികളെ പുതിയതായി അഡ്മിഷൻ നടത്താവുന്നതും 06/10/2018 തീയതിയിൽ തന്നെ ബന്ധപ്പെട്ട നോഡൽ പ്രിൻസിപ്പാൾ മുഖേന വീണ്ടും അഡ്മിഷൻ ക്ലോസ്സ് ചെയ്യേണ്ടതുമാണ്. അപ് ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതിയിൽ (10/10/2018) മാറ്റമില്ലായെന്ന് ഡി.ജി.റ്റി. അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിലെ വിവരങ്ങളും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ അഡ്മിഷൻ ക്ലോസ്സിംഗ് തീയതി 05/10/2018 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് വേണ്ടി മാത്രം മാറ്റി വച്ചിട്ടുള്ള സീറ്റുകളിലേയ്ക്ക് ജനറൽ വിഭാഗത്തിലെ ട്രെയിനികളെ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും 09/07/2018 തീയതിയിൽ നൽകിയിരുന്ന ഇതേ നമ്പർ കത്ത് പ്രകാരം നൽകിയിരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് അഡ്മിഷൻ ക്ലോസ്സിംഗ് തീയതി 05/10/2018 ആയി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി